## സാമൂഹിക സന്നദ്ധ സേവനത്തെക്കുറിച്ച്

### ആപ്ത മിത്ര വോളൻടീയർമ്മാർക്കായുള്ള വെബിനാർ

### റിപ്പോർട്ട്

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ യും കോട്ടയം ജില്ല ദുരന്ത നിവാരണ അതോറിറ്റുയുടെയും സംയുക്ത ആഭിമുഖ്യത്തിൽ കോട്ടയം ജില്ലയിലെ ആപ്ത മിത്ര വോളൻടീയർമ്മാർക്കായി 26 ആഗസ്റ്റ് 2020 ന സാമൂഹിക സന്നദ്ധ സേവനത്തെക്കുറിച്ച് ഒരു വെബിനാർ സംഘടിപ്പിക്കുകയുണ്ടായി. വൈകുന്നേരം 6 മണിക്ക് ആരംഭിച്ച പരിപാടി ബഹു. കോട്ടയം ജില്ല ദുരന്ത നിവാരണ അതോറിറ്റി സി ഇ ഒ യും അഡി. ജില്ല മജിസ്ട്രേറ്റ് കൂടിയായ ശ്രീ. അനിൽ ഉമ്മൻ അവറുകൾ ഉത്ഘാടനം നിർവ്വഹിച്ചു. കേരളത്തിലെ അറിയപ്പെടുന്ന സാമൂഹിക പരവർത്തകൻ ഫാദർ ഡേവിസ് ചിറമേൽ പ്രസ്തുത വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രോജക്റ്റ് ഓഫീസർ ശ്രീ. ജോ ജോൺ ജോർജ്ജ് ആപ്ത മിത്ര പദ്ധതിയെയും പ്രവർത്തനങ്ങളെയും കുറിച്ച് വിശദമായി സംസാരിച്ചു. കോട്ടയം ജില്ല ഫയർ ആൻറ് റെസ്ക്യൂ ഓഫീസർ ശ്രീ. ഷിനോയി കെ ആർ പരിപാടിയെ അഭിസംബോധന ചെയ്തു സംസാരിച്ചു. 30 ഓളം ആപ്ത മിത്ര വോളൻടീയർമ്മാർ പ്രസ്തുത വെബിനാറിൽ പങ്കെടുത്തു.

ആപ്ദ മിത്ര പ്രവർത്തകരെ കൂടാതെ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നും മറ്റ് സന്നദ്ധ പ്രവർത്തകർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. പരിപാടി യുടെ മോഡറേറ്ററായി ഹസാർഡ് അനലിസ്റ്റ് ശ്രീ. സി ജെ സത്യകുമാർ പ്രവർത്തിച്ചു. ഹസാർഡ് ആന്റ് റിസ്ക് അനലിസ്റ്റ് ശ്രീ. പ്രദീപ് ജി എസ് നന്ദി പ്രകാശിപ്പിച്ചു.

വൈകുന്നേരം 7:30 ഓട് കൂടി പ്രസ്തുത പ്രോഗ്രാം അവസാനിച്ചു.

****